**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6182** **17-03-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വൈദ്യുതി നിയമം 2003 സെക്ഷൻ 11-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കേരളത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിൽ കുറവ് വരുന്നതിന് ഇടയാക്കുമോ; അറിയിക്കുമോ; | (എ) | കേന്ദ്ര വൈദ്യുതി നിയമം 2003 സെക്ഷൻ 11-ന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് മൂലം കേന്ദ്രത്തിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിൽ കുറവ് വന്നിട്ടില്ല. |
| (ബി) | ഈ സാഹചര്യത്തിൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന വൈദ്യുതി വിഹിതത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; | (ബി) | രാജ്യത്ത് കൽക്കരി ലഭ്യത മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ആവശ്യകതയ്ക്ക് ആനുപാതികമല്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 6% വരെ ഇറക്കുമതി ചെയ്ത കൽക്കരി coal blending-നായി ഉപയോഗപ്പെടുത്താൻ 09.01.2023-ലെ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ ഉല്പാദകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 14.02.2023-ലെ Central Electricity Regulatory Commission (CERC)-ന്റെ ഉത്തരവ് പ്രകാരം ഇറക്കുമതി ചെയ്ത കൽക്കരിയുടെ ഉപഭോഗം കൊണ്ടുണ്ടാകുന്ന വില വർദ്ധനവ് ഉല്പാദന കമ്പനിയ്ക്ക് 30.09.2023 വരെ കൊടുക്കേണ്ടതാണ്. ഇത് കേന്ദ്രവിഹിതമായി കേരളത്തിന് ലഭിക്കുന്ന വൈദ്യുതിയുടെ വില വർദ്ധനവിന് ഇടയാക്കും |
| (സി) | പ്രസ്തുത പ്രതിസന്ധി മറികടക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ? | (സി) | ആഭ്യന്തര വൈദ്യുതി ഉല്പാദനം പരമാവധി വർദ്ധിപ്പിച്ചുകൊണ്ടു ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തി കൊണ്ടും വൈദ്യുതി വാങ്ങുന്നതിന്റെ അളവ് കുറയ്ക്കാൻ ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ